**പതിനാലാം കേരളനിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം *230**

18/06/2018 -ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

ചോദ്യം

പ്രൊഫ.കെ.യു. അരുണൻ
ശ്രീ.എ.എം. ആരിഫ്
ശ്രീമതി.വീണാ ജോർജ്ജ്
ശ്രീ.പി.ടി.എ. റഹീം

ഉത്തരം

പ്രൊഫ.സി.രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പൊതുവിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾക്കായി ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(എ) സംസ്ഥാനത്ത് സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 1 -10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സ്കീം പ്രകാരം കുട്ടി മരണപ്പെട്ടാൽ രക്ഷിതാവിന് 50,000/- രൂപ ക്ലയിം ആയി നൽകുന്നു. അപകടത്തിൽ സ്ഥിരമായ അംഗവൈകല്യം സംഭവിച്ചാൽ 10,000/- രൂപയും ചികിത്സാ ചെലവിനായി പരമാവധി 10,000/- രൂപയും നൽകി വരുന്നു. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000/- രൂപ ട്രഷറി അക്കൗണ്ടിൽ 'ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും പലിശയിനത്തിൽ ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി ഉപയോഗിക്കാനും ഉത്തരവുണ്ട്.

| | |
|---|---|
| (ബി) പ്രാരംഭത്തിൽ ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് നടപ്പിലാക്കിയിരുന്ന പ്രസ്തുത പദ്ധതി പൊതുവിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തത് ഏത് വർഷം മുതലാണ്; | (ബി) 2003 മുതൽ പ്രസ്തുത സ്കീം പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടത്തി വന്നിരുന്നെങ്കിലും 2013 ൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടത്താൻ ഉത്തരവായി. എന്നാൽ 2016 ൽ പദ്ധതി പരിഷ്കരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് നടപ്പാക്കാൻ ഉത്തരവായിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) പ്രസ്തുത സ്കീമിന്റെ നടത്തിപ്പിനായി നടപ്പ് സാമ്പത്തികവർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ